**അഥാത്മനോർത്ഥഭൂതസ്യ യതോ*f*നർത്ഥപരമ്പരാ**
**സംസൃതിസ്തദ്വ്യവച്ഛേദോ ഭക്ത്യാ പരമയാ ഗുരൌ (4-29-36)**
**വാസുദേവേ ഭഗവതി ഭക്തിയോഗ: സമാഹിത:**
**സധ്രീചീനേന വൈരാഗ്യം ജ്ഞാനം ച ജനയിഷ്യതി (4-29-37)**

നാരദമുനി തുടർന്നു: കഥയിൽ ഒരു വർഷത്തെ ചണ്ഡവേഗ എന്നു വിളിച്ചിരിക്കുന്നു. രാത്രിപകലുകളാണ് കറുത്ത പുരുഷന്മാരും വെളുത്ത സ്ത്രീകളും എന്നപേരിൽ പരാമർശിച്ചിട്ടുള്ളത്. ജരാനരകളുള്ള വാർദ്ധ്യക്യമാണ് ഭീകര രൂപിയായ കാലപുത്രിയായി പറഞ്ഞത്. മരണഭയം അവളുടെ സഹോദരിയും ജ്വരം അവളുടെ ഭർത്താവുമത്രെ. അവളുടെ തോഴരാണ് മാനസീകവും ശാരീരികവുമായുള്ള അസ്വാസ്ഥ്യങ്ങൾ. ഇവരെല്ലാം ജീവനെ ജന്മനിമിഷം മുതൽ നിർത്താതെ പീഢിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രാണൻ ഇവയെ തടഞ്ഞു നിർത്താൻ അവസാനം വരെ ശ്രമിക്കുമെങ്കിലും അവസാനം ആ ശക്തികൾക്കടിമപ്പെടുമ്പോൾ മരണം സംഭവിക്കുന്നു.

പലവിധത്തിലും പീഢിപ്പിക്കപ്പെട്ടാലും ഒരു നൂറു കൊല്ലമെങ്കിലും ഈ ദേഹത്തു കഴിഞ്ഞുകൂടുവാൻ ജീവൻ ആഗ്രഹിക്കുന്നു. തികച്ചും സർവ്വതന്ത്രസ്വതന്ത്രനെങ്കിലും ബുദ്ധിയും തദ്വാരാ ശരീരവുമായുള്ള താദാത്മ്യഭാവം കൈക്കൊണ്ട് മോഹത്തിനടിമപ്പെട്ട് ജീവൻ ത്രിഗുണങ്ങളാൽ ബന്ധിക്കപ്പെട്ടു കഴിയുന്നു. ചിലപ്പോൾ സാത്വീകവും മറ്റുചിലപ്പോൾ രാജസീകവും താമസീകവുമായ കർമ്മങ്ങളിൽ ജീവൻ ഏർപ്പെടുന്നു. ഈ കർമ്മങ്ങളുടെ ഫലമനുസരിച്ച് ജീവൻ ചിലസമയം ദേവതകളായും ചിലപ്പോൾ സ്ത്രീയോ പുരുഷനോ നപുംസകമോ ആയും മറ്റുചിലപ്പോൾ മൃഗങ്ങളായും പുനർജനിക്കുന്നു. ഇതെല്ലാം കർമ്മഫലമനുസരിച്ചു മാത്രമാണ്. അങ്ങിനെ വാതിലുകൾതോറും തെണ്ടിനടക്കുന്ന പട്ടിയെപ്പോലെ ചില സ്ഥലത്തുനിന്നു ഭക്ഷണം, മറ്റിടങ്ങളിൽ നിന്നു തൊഴി, എല്ലാം കിട്ടി ജീവൻ കാമാസക്തിയിൽ മോഹിതനായി, നന്മതിന്മകൾ ചെയ്ത് ഫലം വാങ്ങിക്കൂട്ടുന്നു. സൽക്കർമ്മഫലമായി പരിണാമത്തിൻെറ പടികൾ കയറുകയും ദുഷ്ക്കർമ്മഫലമായി താഴോട്ടു പോവുകയും ചെയ്യുന്നു.

ഈ സംസാരസാഗരത്തിൽ (ലൗകീകതയിൽ) ജീവന്, ദുരിതങ്ങളിൽനിന്നുള്ള മുക്തിക്ക് സാദ്ധ്യതയില്ലതന്നെ. ദുരിതങ്ങളിൽനിന്ന് രക്ഷനേടാൻ ശ്രമിക്കുന്നതത്രയും ദുരിതമുണ്ടാക്കുന്ന കർമ്മങ്ങളത്രെ. ഒരു തോളത്തുനിന്ന് മറ്റേ തോളിലേക്ക് കഠിനമായ ഭാരം മാറ്റിവെക്കുമ്പോൾ ഭാരത്തിനൊരു കുറവും ഉണ്ടാകാത്തതുപോലെ, ജീവൻ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ദു:ഖങ്ങൾ അനുഭവിക്കുന്നു. പ്രതിവിധിക്കായി ചെയ്യുന്ന ഓരോന്നും കൂടുതൽ ദു:ഖങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. വെറും കർമ്മങ്ങൾക്കൊണ്ട് ദു:ഖശമനം സാദ്ധ്യമല്ല തന്നെ. മനസ്സുനിറയെ ഗുരുവിനോടും ഈശ്വരനോടുമുള്ള പ്രേമം നിറയുമ്പോൾ മാത്രമേ മനുഷ്യൻ മോചിതനാവുന്നുള്ളൂ. വാസുദേവനോട് അത്ര ഭക്തിയുണ്ടാവുമ്പോൾ വിരക്തിയും വിജ്ഞാനവും ഉണ്ടാവുന്നു.

മതപരമായ ചടങ്ങുകൾ ഈ അറിവും വിജ്ഞാനവും ഉണ്ടാക്കിത്തരികയില്ല. രാജൻ, ഭഗവദ്ഭക്തിയുണ്ടാക്കുവാനുതകുന്ന കർമ്മങ്ങൾ മാത്രമേ ശരിയായ സൽക്കർമ്മങ്ങളായി പരിഗണിക്കാവൂ. അതുകൊണ്ട് മിണ്ടാപ്രാണികളായ മൃഗങ്ങളെ കൊല്ലുന്ന ഈ യാഗകർമ്മാദികൾ നിർത്തിവെച്ച് ഭഗവൽകഥകളും മഹിമകളും കേട്ട് അവിടുത്തെ പാദത്തിൽ അഭയം തേടിയാലും. അങ്ങിനെ നിങ്ങൾക്ക് എല്ലാ ദു:ഖങ്ങളിൽ നിന്നും മോചനം ഉണ്ടാകുന്നതാണ്. വിശപ്പ്, ദാഹം, ഭയം, ദു:ഖം തുടങ്ങി എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചനം സാദ്ധ്യമത്രെ.